K-DISC
Kerala Development and Innovation Strategic Council

**കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ**

**<u>ക്വട്ടേഷൻ പരസ്യം</u>**

നം. 497/2022/കെ-ഡിസ്ക് തീയതി: 15.10.2022

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ഔദ്യോഗിക ആവശ്യത്തിനായി ഒരു വാഹനം (1500 സിസി യിൽ താഴെയുള്ള സിഫ്റ്റ് ഡിസയർ ) വെള്ള - എ.സി. കാർ (നിർമ്മാണ തീയതി മുതൽ 5 വർഷത്തിൽ താഴെ പഴക്കമുള്ളത് ) 3 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ (വെറ്റ് ലീസ്/ ഡ്രൈ ലീസ് വ്യവസ്ഥയിൽ ) ആവശ്യമുണ്ട് . കരാർ വ്യവസ്ഥയിൽ വ്യക്തികൾ, സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി ആവശ്യാനുസരണം ഒരു വർഷത്തേക്ക് വരെ നീട്ടാവുന്നതാണ്. മുദ്ര വച്ച ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മേലെഴുത്ത് | 1500 സിസി യിൽ താഴെയുള്ള സിഫ്റ്റ് ഡിസയർ എ.സി. കാർ വാടകയ്ക്ക് എടുക്കുന്നതിനുള്ള 15/10/2022 ലെ 497/2022/കെ-ഡിസ്ക് നമ്പർ ക്വട്ടേഷൻ |
| സീൽ ചെയ്ത ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി | 26.10.2022 at 3.00 PM |
| ക്വട്ടേഷൻ തുറക്കുന്ന തിയതിയും സമയവും | 26.10.2022 at 3.30 PM |
| ക്വട്ടേഷൻ നിരക്കുകൾ മാറ്റമില്ലാതെ തുടരുന്ന കാലയളവ് | എഗ്രിമെന്റ് തിയതി മുതൽ 3 മാസം. ഇത് ഒരു വർഷം വരെ നീട്ടാവുന്നതാണ് |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | എക്സിക്യൂട്ടീവ് ഡയറക്ടർ (മാനേജ്മെന്റ് സർവീസസ്)<br>കെ-ഡിസ്ക് , നാലാം നില,<br>ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്,<br>ഗവണ്മെന്റ് വിമൻസ് കോളേജ് റോഡ്,<br>വഴുതക്കാട്, തൈക്കാട് പി. ഓ.<br>തിരുവനന്തപുരം - 695014 |

**സീൽ ചെയ്ത ക്വട്ടേഷൻ ലഭിക്കുന്നതിനുള്ള അവസാന തിയതിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല**

*Sajitha. P. P.*
**Special Secretary to Government & Executive Director (Management Services), K-DISC**

സ്ഥലം: തിരുവനന്തപുരം
തിയതി : 15.10.2022

## അനുബന്ധം

1500 സിസി യിൽ താഴെയുള്ള സ്വിഫ്റ്റ് ഡിസയർ എ.സി. കാർ വാടകയ്ക്ക് എടുക്കുന്നതിനുള്ള 15/10/2022 ലെ 497/2022/കെ-ഡിസ്ക് നമ്പർ ക്വട്ടേഷൻ

| 1 | ലേലക്കാരന്റെ പേര് | വെറ്റ് ലീസ് | ഡ്രൈ ലീസ് |
|---|---|---|---|
| 2 | പിൻകോഡ് സഹിതമുള്ള മേൽവിലാസം | | |
| 3 | മൊബൈൽ നമ്പർ | | |
| 4 | വാഹനം പുറത്തിറങ്ങിയ വർഷം | | |
| 5 | വാഹനത്തിന്റെ മോഡൽ | | |
| 6 | രജിസ്ട്രേഷൻ തിയതിയും രജിസ്റ്റർ നമ്പറും | | |
| 7 | പ്രതിമാസം 2000 കി.മീ വരെ ഓടുന്നതിനുള്ള വാഹനത്തിന്റെ നിരക്ക് (തുക അക്കത്തിലും അക്ഷരത്തിലും ) | | |
| 8 | അധിക ദൂരം യാത്ര ചെയ്താൽ ഓരോ കിലോ മീറ്ററിനുമുള്ള നിരക്ക് (മൂന്ന് മാസത്തിനിടയ്ക്ക് 6000 കിലോ മീറ്ററിലധികം യാത്രചെയ്താൽ ) (തുക അക്കത്തിലും അക്ഷരത്തിലും ) | | |
| 9 | ക്വട്ടേഷൻ തിയതി വരെ വാഹനം സഞ്ചരിച്ച ദൂരം | | |

അപേക്ഷ പൂർണമായും പൂരിപ്പിച്ചിരിക്കേണ്ടതാണ്.

സ്ഥലം: ഒപ്പ് :

തിയതി: കോൺട്രാക്ടറിന്റെ പേര് :

മേൽവിലാസം :

**ഉപാധികളും നിബന്ധനകളും**

1. പ്രതിമാസം 2000 കിലോ മീറ്റർ സഞ്ചരിക്കുന്നത് അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുക്കുന്നതിന് ടെൻഡർ സമർപ്പിക്കണം, കൂടാതെ 2000 കിലോ മീറ്ററിന് അധികം യാത്ര ചെയ്യുകയാണെങ്കിൽ പിന്നീടുള്ള ഓരോ കിലോമീറ്ററിനുമുള്ള അധിക നിരക്കും അറിയിക്കണം. അധിക ദൂരം കണക്കാക്കുന്നത് മൂന്ന് മാസം ഒരു ബ്ലോക്ക് പീരീഡ് ആയി കണക്കാക്കി 6000 കിലോ മീറ്ററിന് അധികം യാത്ര ചെയ്ത ദൂരമായിരിക്കും. കരാർ കാലാവധി ഇതേ നിരക്കിൽ ഒരു വർഷം വരെ നീട്ടാവുന്നതാണ്.

2. സേവന ദാതാവായി തിരഞ്ഞെടുക്കപ്പെടുന്ന ലേലക്കാരൻ കരാർ തൃപ്തികരമായ രീതിയിൽ പൂർത്തീകരിക്കുന്നതിനായി കരാർ ലഭിച്ച് 5 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിൽ കരാറിൽ ഏർപ്പെടണം.

3. ടെണ്ടർ സ്വീകരിച്ചതിന് ശേഷം പിൻവലിക്കുകയോ അല്ലെങ്കിൽ ഓർഡർ സ്വീകരിച്ച തീയതി മുതൽ 5 ദിവസത്തിനുള്ളിൽ ഒരു കരാറിൽ ഏർപ്പെടാൻ പരാജയപ്പെടുകയോ ചെയ്താൽ ഓർഡർ റദ്ദാകുകയും പുതിയ ഓർഡർ നൽകുകയും ചെയ്യും .

4. ഒരിക്കൽ അംഗീകരിച്ച നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ കരാർ കാലയളവിൽ പരിഗണിക്കുന്നതല്ല

5. മുകളിൽ കൊടുത്തിരിക്കുന്ന നിരക്കുകൾ ( വെറ്റ് ലീസിന്റെ കാര്യത്തിൽ ഡ്രൈവറുടെ ശമ്പളവും ഉൾപ്പെടെ ) എല്ലാ നികുതികളും, തീരുവകളും ഉൾപ്പെടെയായിരിക്കണം. കരാറുകാരൻ ഇൻഷ്വറൻസ് പ്രീമിയം, നികുതികൾ, ഇന്ധന ചാർജ്ജുകൾ എന്നിവ അടയ്ക്കുകയും ആനുകാലികവും ശരിയായതുമായ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം..

6. മോട്ടോർ വെഹിക്കിൾ ആക്ട് 1968, ഐപിസി എന്നിവയുടെ പ്രസക്തമായ വകുപ്പുകൾ പ്രകാരം വാഹനത്തിന്മേൽ എന്തെങ്കിലും ബാധ്യത ചുമത്തപ്പെട്ടാൽ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇത് സംബന്ധിച്ച് ഒരു ക്ലെയിമും കെ-ഡിസ്ക് സ്വീകരിക്കുകയില്ല .

7. വിവിധ തൊഴിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ഡ്രൈവർമാരുടെ നിയമനവും, ജോലിയും അവർക്ക് വേതനം നൽകുന്നതും വെറ്റ് ലീസിന്റെ കാര്യത്തിൽ സേവന ദാതാവിന്റെ മാത്രം ഉത്തരവാദിത്തമാണ്.

8. കരാറുകാരൻ/ഉടമ/സ്ഥാപനം ആദായ നികുതി വകുപ്പ് നൽകുന്ന പാൻ ഉടമയായിരിക്കണം.

9. സാധാരണയായി, വാഹനം രാവിലെ 8 മുതൽ രാത്രി 8 വരെയാണ് ഉപയോഗിക്കുന്നത്; എന്നിരുന്നാലും, അടിയന്തിര സാഹചര്യങ്ങളിൽ, വാഹനം തുടർച്ചയായി ഉപയോഗിക്കുന്നതാണ്. 12 മണിക്കൂറിന് മുകളിലുള്ള ഡ്യൂട്ടിക്ക് 200 രൂപ ഡ്രൈവർക്ക് ബാറ്റ നൽകുന്നതാണ് .

10. വാഹനം ഉപയോഗശൂന്യമായാൽ, സേവന ദാതാവ് അതേ നിലവാരത്തിലുള്ള വാഹനം നൽകി ബദൽ ക്രമീകരണം ചെയ്യേണ്ടതാണ് .

11. അനുബന്ധത്തിൽ നൽകിയിരിക്കുന്ന ഫോർമാറ്റിലാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.